# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.24/PR/PIC/PHQ/18                                                    Date : 07.02.2018

---

## യു.എ.ഇ. വിസ: പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം

യു എ ഇ യിൽ ജോലി തേടുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേഗത്തിൽ നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. യു എ ഇ യിൽ ജോലി തേടുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയ സാഹചര്യത്തിലാണ് ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി സംസ്ഥാന പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിച്ചത്.

അപേക്ഷകർ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിലെ വിവരങ്ങളും ജില്ലയിൽ നിലവിലുള്ള രേഖകളും പരിശോധിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് മേധാവി ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ നൽകും. ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായവും ഉണ്ടാകും. സംസ്ഥാനത്തെ ഏത് പോലീസ് സ്റ്റേഷനുകളുമായും സ്പെഷ്യൽ ബ്രാഞ്ചിന് ഇക്കാര്യത്തിൽ ബന്ധപ്പെടാവുന്നതാണ്. സാധാരണ അപേക്ഷകളിൽ പതിനാലു ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകും.

ഇനി മുതൽ പുതുക്കിയ അപേക്ഷഫോമിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാഫീസായ 1000/- രൂപ ടി ആർ-5 ഫോം മുഖേന ട്രഷറിയിലോ ഓൺലൈനായോ അടയ്ക്കണം.

അപേക്ഷയുടെ കോപ്പിയും ഉദ്യോഗാർത്ഥിയുടെ സത്യവാങ്മൂലവും ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്കൊപ്പം ചേർത്തിരിക്കണം.

ഇക്കാര്യത്തിൽ അപേക്ഷകർക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ചീഫ് സെക്രട്ടറി വിളിച്ചുചേർത്തയോഗത്തിലെ തീരുമാനങ്ങൾക്കനുസരിച്ചാണ് പുതിയ ഉത്തരവ്.

********